"ഭരണഭാഷ - മാതൃഭാഷ"


KSEB
കേരളത്തിന്റെ ഊർജ്ജം

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ്ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം , വെബ്സൈറ്റ്: www.kseb.in

ഫോൺ (ഓഫീസ് ): 0471 2514554 ഫാക്സ്: 0471 2440455 ഇമെയിൽ : safety@kseb.in


## സംഗ്രഹം

**അട്ടർ ഡിവിഷനിലെ ഏനാത്ത് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ 4.08.2018 ന ഉണ്ടായ വൈദ്യുതി അപകടം സംബന്ധിച്ച് -അന്വേഷണ ഉത്തരവ് പുറപ്പെടുവിക്കുന്നു. :-**

കോർപ്പറേറ്റ് ഓഫിസ് (എസ് ബി യു - ജി /ഇ )

ഓഫീസ് ഉത്തരവ് ( സി. എം. ഡി) നം: 364/ 2018 (സി.എസ്.സി/സേഫ്റ്റി/ 2018/308) തിരുവനന്തപുരം തീയതി : 30 .8.2018.

പരാമർശം : - ചീഫ് സേഫ്റ്റി കമ്മിഷണറുടെ 07.08..2018 - ലെ CSC/safety/ Accident/2018-19/ 308-നമ്പർ കുറിപ്പ് .

## ഉത്തരവ്

അട്ടർ ഡിവിഷനിലെ ഏനാത്ത് സെക്ഷൻറെ പരിധിയിൽ മണ്ണടി ക്ഷേത്രത്തിനു മുന്നിലെ 11kV പോസ്റ്റിൽ ജോലി ചെയ്യുന്നതിനിടെ ലൈൻമാൻ ശ്രീ സുനിൽകുമാർ ഷോക്കേറ്റു വീഴുകയും തുടർന്ന് ആശുപത്രിയിൽ ചികിത്സക്കിടെ മരണപ്പെടുകയും ഉണ്ടായി.

03.08.2018- നു വൈകിട്ട് 06.45 ന് മണ്ണടി ക്ഷേത്രത്തിലേക്കുള്ള LT സർവീസ് ലൈനിൽ വൈദ്യുതി ഇല്ലെന്ന് ഓഫീസിൽ പരാതിലഭിച്ചിരിന്നതിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ജീവനക്കാർ ടി സ്ഥലം സന്ദർശിക്കുകയും HT ലൈൻ ഓഫാക്കണം എന്നതിനാൽ പരാതി പരിഹരിക്കാനാകാതെ തിരികെ പോരുകയും ഈ വിവരം മേലധികാരികളുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തു. 4.8.18 -ന് ടി പരാതി പരിഹരിക്കാൻ ലൈൻമാൻമാരായ ശ്രീ സുനിൽകുമാർ. എൻ, ശ്രീ. റെജി. പി എന്നിവർ മൂന്ന് മണിയോടെ മണ്ണടി ക്ഷേത്രത്തിനു മുന്നിലെ 11KV വൈദ്യുതി പോസ്റ്റിൽ ജോലി ചെയ്യുമ്പോൾ ആണ് ടി അപകടം ഉണ്ടായത്. അപകടമരണം സംബന്ധിച്ചും അപകടത്തിലേക്ക് നയിച്ച കാരണങ്ങളും വിശകലനം ചെയ്തപ്പോൾ താഴെപറയുന്ന സുരക്ഷാവീഴ്ചകൾ ഉണ്ടായതായി കാണുന്നുണ്ട്.

- വർക്കിനു നിയോഗിക്കും മുൻപ്കൃത്യമായി ഏത് വൈദ്യുതി ലൈനാ ണ് ഓഫാക്കേണ്ടത് എന്നും ഫീഡിംഗ് മാറ്റിയതിനെ പറ്റിയും ചർച്ച ചെയ്യുകയോ അറിയിക്കുകയോ ചെയ്തില്ല
- വർക്ക് സൈറ്റ് വഴി രണ്ട് തവണ സബ് എൻജിനീയർ പോകുമ്പോഴും ശ്രീ. സുനിലിനോട് സപ്ലൈ എവിടെ നിന്നാണ് വരുന്നതെന്നോ ഏതു ഫീഡർ ആണ് ഓഫാക്കാൻ പോകുന്നതെന്നോ പറയുകയുണ്ടായില്ല.
- പലകാരണങ്ങൾ കൊണ്ടും അപകടാവസ്ഥയിലുള്ള പോസ്റ്റിലെ ജോലി ചെയ്യും മുൻപേ വേണ്ട സുരക്ഷ മുൻകരുതലുകൾ പാലിക്കാതെ സാധാരണ എൽ റ്റി പരാതി പരിഹരിക്കുന്ന നിലയിൽ നിസ്സാരവൽക്കരിച്ച് , ഇത്തരത്തിലുള്ള എച്ച് റ്റി ലൈനിലെ ഒരു എൽറ്റി ജോലി ചെയ്യുമ്പോൾ ഉണ്ടാകേണ്ട സബ് എഞ്ചിനിയറുടെ മേൽ നോട്ടം ഇല്ലാതെ ലൈൻമാന്മാരെ മാത്രം നിയോഗിച്ചു.
- എച്ച് റ്റി ലൈനി ൽ കയറും മുൻപ് ലൈൻ ഡിസ്ചാർജ് ചെയ്യുകയോ എർത്ത് ചെയ്യുകയോ ചെയ്തില്ല.
- തറയിൽ വീഴാതിരിക്കാനുള്ള ഫുൾ ബോഡി ബെൽറ്റ് ധരിച്ചിരുന്നില്ല.

"ഭരണഭാഷ - മാതൃഭാഷ"

- രണ്ട് മാസമായി നടക്കുന്ന ABC കേബിൾ പണിയുടെ ഭാഗമായി മറ്റ് പോസ്റ്റുകളിലൊക്കെ പല ജോലികൾ ചെയ്തിട്ടും അപകടകരമായ പോസ്റ്റും ലൈനും കണക്ഷനുകളുമുണ്ടായിട്ടും അപകടകരമായ ഈ പോസ്റ്റ് മാറ്റുവാനുള്ള നടപടി എടുത്തില്ല..

മേൽ സാഹചര്യത്തിൽ ഈ അപകടമരണം സംബന്ധിച്ചും അപകടത്തിലേക്ക് നയിച്ച കാരണങ്ങളെക്കുറിച്ചും അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുവാനായി തെക്കൻ മേഖലാ സേഫ്റ്റി ലൈസൺ ഓഫീസർ ശ്രീമതി ശ്രീദേവി.ബി -യെ അന്വേഷണ ഉദ്യോഗസ്ഥയായും പത്തനംതിട്ട സേഫ്റ്റി കോഡിനേറ്റർ ശ്രീ മനോജ്. വി പ്രസന്റിംഗ് ഓഫീസറായും നിയോഗിച്ചും മുകളിൽ പരാമർശിച്ച മുഴുവൻ വീഴ്ച്ചകളും വിശദമായി അന്വേഷിക്കുകയും അതിനു ഉത്തരവാദികളായ മുഴുവൻ ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന നിലയിൽ സമഗ്രമായി അന്വേഷിക്കണമെന്നുമുള്ള ചീഫ് സേഫ്റ്റി കമീഷണറുടെ ശുപാർശ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ

ഉത്തരവിൻ പ്രകാരം

ഒപ്പ് /-

പി. ജി. ഉണ്ണികൃഷ്ണൻ

സെക്രട്ടറി (ഭരണം)

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി എ/ഡയറക്ടർ (ഡി & ഐ റ്റി) യുടെ ടി എ / ഡയറക്ടർ (സേഫ്റ്റി) യുടെ ടി എ/ സി എ ടു സെക്രട്ടറി (ഭരണം)/ലൈബ്രറി/ സ്റ്റോക്ക് ഫയൽ/ഫെയർ കോപ്പി സെക്ഷൻ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എഞ്ചിനീയർ (സേഫ്റ്റി)